REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- സംസ്ഥാന പൊലീസ് DGP മാരുടെയും IG മാരുടെയും അഖിലേന്ത്യാ സമ്മേളനം ഭുവനേശ്വറിൽ ഇന്ന് സമാപിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നും സമ്മേളനത്തിൽ പങ്കെടുക്കും.
- ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് കാരയ്ക്കലിനും മഹാബലിപുരത്തിനുമിടയിൽ തീരം കടന്നു. തമിഴ്നാട്ടിലും പുതുച്ചേരിയിലും കനത്ത മഴയും കാറ്റും.
- INS വിക്രമാദിത്യയുടെ ഷോർട്ട് റീഫിറ്റ്, ഡ്രൈ ഡോക്കിംഗ് എന്നിവയ്ക്കായി കൊച്ചിൻ ഷിപ്പ്യാർഡുമായി രാജ്യരക്ഷാ മന്ത്രാലയം 1,200 കോടിയിലധികം രൂപയുടെ കരാർ ഒപ്പിട്ടു.
- മഹാരാഷ്ട്രയിൽ മഹായുതി ഗവൺമെന്റ് വ്യാഴാഴ്ച വൈകിട്ട് അധികാരമേൽക്കും.
- ഇന്ന് ലോക എയ്ഡ്സ് ദിനം.
- സയ്യിദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിൽ PV സിന്ധുവും ലക്ഷ്യാസെന്നും ഫൈനലിൽ.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഭുവനേശ്വറിൽ നടക്കുന്ന സംസ്ഥാന പൊലീസ് DGP മാരുടെയും IG മാരുടെയും അഖിലേന്ത്യാ സമ്മേളനത്തിൽ ഇന്നും പങ്കെടുക്കും. ത്രിദിന സമ്മേളനത്തിന്റെ അവസാന ദിവസമായ ഇന്ന് ദേശീയസുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ചചെയ്യും.

ന്യൂസ് ഡെസ്കിൽനിന്ന് കൂടുതൽ വിവരങ്ങൾ.

.....(വോയ്സ്) .....

ആഭ്യന്തര സുരക്ഷ, പുതിയ ക്രിമിനൽ നിയമങ്ങൾ, തീരസുരക്ഷ, സൈബർ കുറ്റകൃത്യങ്ങൾ, മാവോയിസ്റ്റ് ഭീഷണി, നിർമിതബുദ്ധിയും ഡ്രോണുമടക്കം ആധുനിക സങ്കേതങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ, ഭീകരവാദവിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഇന്ന് സമ്മേളനത്തിൽ ചർച്ചചെയ്യും. പൊലീസ് അഭിമുഖീകരിക്കുന്ന വിവിധ പ്രവർത്തനതല-അടിസ്ഥാന സൗകര്യ പ്രശ്നങ്ങളും പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ചചെയ്യും. കുറ്റകൃത്യങ്ങളെ നേരിടുന്നതിനും ക്രമസമാധാനം ഉറപ്പാക്കുന്നതിനുമായി നടത്തിയ ആസൂത്രണങ്ങൾ സംസ്ഥാന-കേന്ദ്രഭരണ പ്രദേശങ്ങളിലെ പൊലീസ് മേധാവിമാർ ഇന്നലെ സമ്മേളനത്തിൽ അവതരിപ്പിച്ചു.

ആഭ്യന്തരമന്ത്രി അമിത്ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ആഭ്യന്തര സെക്രട്ടറി ഗോബിന്ദ് മോഹൻ എന്നിവരും സംബന്ധിക്കും.

✪✪✪

തെക്കുപടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് രാത്രി തമിഴ്നാട്, പുതുച്ചേരി തീരങ്ങളിലെ കാരയ്ക്കലിനും മഹാബലിപുരത്തിനുമിടയിൽ  തീരം കടന്നു. രാത്രി പത്തരയ്ക്കും പതിനൊന്നരയ്ക്കുമിടയിൽ വടക്കൻ തമിഴ്നാട് - പുതുച്ചേരി തീരങ്ങൾക്കിടയിൽ മണിക്കൂറിൽ 70 മുതൽ 80 വരെയും, ചില സമയങ്ങളിൽ 90 കിലോമീറ്റർ വരെയും വേഗത്തിലാണ് ഫെയ്ഞ്ചൽ ചുഴലിക്കാറ്റ് ആഞ്ഞു വീശിയത്.  പടിഞ്ഞാറ്- തെക്കു പടിഞ്ഞാറ് ദിശയിലേക്ക് നീങ്ങുന്ന ചുഴലിക്കാറ്റ് ന്യൂനമർദ്ദമായി ദുർബലമാകുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.......(വോയ്സ്)........

ചുഴലിക്കാറ്റിന്റെ ഫലമായി തമിഴ്നാട്ടിലും തൊട്ടടുത്ത  പുതുച്ചേരിയിലും കനത്ത കാറ്റും മഴയും തുടരുകയാണ് എന്നാൽ വൻ നാശനഷ്ടങ്ങളുണ്ടായതായി റിപ്പോർട്ടില്ല.  തമിഴ്നാട്ടിൽ കനത്ത ജാഗ്രത നിർദേശം  നൽകി. നഗര പ്രദേശങ്ങളിൽ ഉൾപ്പടെ വെള്ളക്കെട്ട് രൂക്ഷമാണ്. ചെന്നൈ നഗരം വെള്ളത്തിൽ മുങ്ങി. ചെന്നൈ വിമാനത്താവളം ഇന്ന് പുലർച്ചെ വരെ അടച്ചിട്ടു.  പാളത്തിൽ വെള്ളം കയറിയതിനെ തുടർന്ന് ട്രെയിൻ സർവീസുകളും മുടങ്ങി. മണിക്കുറുകളോളം നിർത്താതെ പെയ്ത മഴയിൽ പലയിടത്തും മരങ്ങൾ കടപുഴകി വീണു, വൈദ്യുതി ലൈനുകൾക്കും  കേടുപാടുകളുണ്ടായി. താഴ്ന്ന പ്രദേശങ്ങളിൽ നിന്ന് 150-ലധികം ആളുകളെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റി. അടുത്ത 48

മണിക്കൂർ കനത്ത മഴയുണ്ടായേക്കാമെന്നും കരുതിയിരിക്കണമെന്നും മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ ജനങ്ങൾക്ക് നിർദേശം നൽകി. ഏത് സാഹചര്യത്തെയും നേരിടാൻ ഗവൺമെന്റ് സജ്ജമാണെന്നും സ്റ്റാലിൻ സമൂഹ മാധ്യമത്തിൽ കുറിച്ചു.

പുതുച്ചേരിയിൽ മൂന്നുമണിക്കൂറിലേറെ പെയ്ത കനത്ത മഴയിൽ റോഡുകളും താഴ്ന്ന പ്രദേശങ്ങളും വെള്ളത്തിനടിയിലായി. നിരവധി വാഹനങ്ങളും വെള്ളത്തിൽ മുങ്ങി. ജനങ്ങളോട് വീടിനകത്ത് തന്നെ തുടരണമെന്ന് അധികൃതർ നിർദേശം നൽകി.

✪✪✪

സംസ്ഥാനത്ത് അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ആലപ്പുഴ മുതൽ മലപ്പുറം വരെ ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

നാളെ മുതൽ മൂന്ന് ദിവസം കേരള- ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട് .

✪✪✪

INS വിക്രമാദിത്യയുടെ ഷോർട്ട് റീഫിറ്റ്, ഡ്രൈ ഡോക്കിംഗ് എന്നിവയ്ക്കായി കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡുമായി രാജ്യരക്ഷാ മന്ത്രാലയം 1,200 കോടിയിലധികം രൂപയുടെ കരാർ ഒപ്പിട്ടു.

കൊച്ചിൻ ഷിപ്പ്യാർഡിനെ അറ്റകുറ്റപ്പണി, ഓവർഹോൾ ഹബ്ബായി വികസിപ്പിക്കുന്നതിനു സുപ്രധാന ചുവടുവയ്പ്പാണ് പദ്ധതിയെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

2013 നവംബറിൽ നാവികസേനയിൽ കമ്മീഷൻ ചെയ്ത വിമാനവാഹിനിക്കപ്പലാണ് INS വിക്രമാദിത്യ.

പുനർനിർമ്മാണം പൂർത്തിയാക്കിയ ശേഷം, വിമാനവാഹിനി കപ്പൽ വർദ്ധിത യുദ്ധ ശേഷിയോടെ ഇന്ത്യൻ നാവികസേനയിൽ സജീവമാകും.

✪✪✪

മഹാരാഷ്ട്രയിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട മഹായുതി ഗവൺമെന്റിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് വ്യാഴാഴ്ച വൈകിട്ട് അഞ്ചിന് മുംബൈയിലെ ആസാദ് മൈതാനിയിൽ നടക്കും. പ്രധാനമന്ത്രി നരേന്ദ്ര മോദി ചടങ്ങിൽ പങ്കെടുക്കുമെന്ന് ബിജെപി മഹാരാഷ്ട്ര അധ്യക്ഷൻ ചന്ദ്രശേഖർ ബവൻകുലെ സോഷ്യൽ മീഡിയ പോസ്റ്റിൽ അറിയിച്ചു.

BJP, ഷിൻഡെ നേതൃത്വം നൽകുന്ന ശിവസേന, അജിത് പവാറിന്റെ NCP, എന്നിവ ഉൾപ്പെടുന്ന മഹായുതി സഖ്യം അടുത്തിടെ നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ 288-ൽ 230 സീറ്റുകൾ നേടിയാണ് വീണ്ടും അധികാരത്തിലെത്തിയത്.

✪✪✪

റെയ്ഡ്കോയുടെ ഭക്ഷ്യോത്പന്നങ്ങളുടെ വിദേശ കയറ്റുമതി ഇന്ന് ആരംഭിക്കും. ആദ്യഘട്ടത്തിൽ UAE ലേക്കും തുടർന്ന് ഖത്തർ, സൗദി അറേബ്യ, ഒമാൻ, ബഹറിൻ തുടങ്ങിയ അറബ് രാജ്യങ്ങളിലേക്കുമാണ് കയറ്റുമതി ചെയ്യുക. മാവിലായി കറിപൗഡർ ഫാക്ടറിയിൽ ഉച്ചകഴിഞ്ഞ് മന്ത്രി P. രാജീവ് കയറ്റുമതി ഉദ്ഘാടനം ചെയ്യും.

✪✪✪

എറണാകുളം സൗത്ത് റയിൽവേ മേൽപ്പാലത്തിനു സമീപം ആക്രി ഗോഡൗണിൽ വൻ തീപിടിത്തം. ഗോഡൗണിലെ രണ്ട് ഗ്യാസ് സിലണ്ടറുകൾ പൊട്ടിത്തെറിച്ചാണ് പുലർച്ചെ ഒരുമണിയോടെ അപകടമുണ്ടായത്. സമീപത്തെ ലോഡ്ജിലെയും വീടുകളിലെയും താമസക്കാരെ ഒഴിപ്പിച്ചു. ഗോഡൗണിലുണ്ടായിരുന്ന ആറ് ഇതരസംസ്ഥാന തൊഴിലാളികളെ അഗ്നിശമന സേന രക്ഷപ്പെടുത്തി. തീ നിയന്ത്രണവിധേയമായെന്ന് അഗ്നിശമന സേന അറിയിച്ചു.

എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനിൽ നിന്ന് ആലപ്പുഴ ഭാഗത്തേക്ക് നിർത്തിവച്ച ട്രെയിൻ ഗതാഗതം രണ്ട് മണിക്കൂറിനുശേഷം പുനഃസ്ഥാപിച്ചു.

✪✪✪

ഇന്ന് ലോക എയ്ഡ്സ് ദിനം. HIV ബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും HIV പ്രതിരോധത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന്നുമാണ് ദിനാചരണം.

ഡെസ്ക് റിപ്പോർട്ട്.

............(വോയ്സ്) .............

എയ്ഡ്സിനെതിരെ അവബോധം വർധിപ്പിക്കുക, ചികിത്സയിൽ അവകാശാധിഷ്ഠിത സമീപനം പ്രോത്സാഹിപ്പിക്കുക, എയ്ഡ്സ് ബാധിതർക്കെതിരായ വിവേചനം ഇല്ലാതാക്കുക എന്നിവയിലാണ് ഈ വർഷം ദിനാചരണം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ദിനാചരണത്തിന്റെ ദേശീയതല പരിപാടി മധ്യപ്രദേശിലെ ഇൻഡോറിൽ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നദ്ദ ഉദ്ഘാടനം ചെയ്യും. സംസ്ഥാനങ്ങളിലും ജില്ലാതലത്തിലും വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കും.

ലോകത്ത് മൂന്ന് കോടി 90 ലക്ഷം HIV ബാധിതർ ഉണ്ടെന്നാണ് കണക്ക്. ഇന്ത്യയിൽ 2023 ലെ കണക്ക് പ്രകാരം 25 ലക്ഷത്തി 44,000 പേർ HIV ബാധിതരാണ്. വൈറസ് ബാധയുടെ സാന്ദ്രത താരതമ്യേന കുറഞ്ഞ കേരളത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം 1,263 രോഗബാധിതരെ കണ്ടെത്തി. 2025-നകം പുതിയ വൈറസ് ബാധ ഇല്ലാതാക്കാൻ ഒന്നായ് പൂജ്യത്തിലേക്ക് ക്യാംപയിനുമായി മുന്നോട്ടുപോവുകയാണ് സംസ്ഥാനമെന്ന് മന്ത്രി വീണാജോർജ് പറഞ്ഞു.

ദിനാചരണവുമായി ബന്ധപ്പെട്ട് കോഴിക്കോട് പുതിയ സ്റ്റാന്റിൽ രാവിലെ പ്രദർശനവും വൈകിട്ട് മെഴുകുതിരി കത്തിക്കലും സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ലക്നൗവിൽ സയ്യിദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ PV സിന്ധുവും ലക്ഷ്യാസെന്നും ഫൈനലിൽ പ്രവേശിച്ചു. ഫൈനൽ മത്സരങ്ങൾ ഇന്ന് ഉച്ചകഴിഞ്ഞ് നടക്കും. സിന്ധു ചൈനീസ് താരത്തെയും, ലക്ഷ്യാസെൻ സിങ്കപ്പൂരിന്റെ ജിയ ഹെങ് ജാസൻ തേയെ - യുമാണ് ഫൈനലിൽ നേരിടുന്നത്.

വനിതാ ഡബിൾസിൽ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യവും ഫൈനലിൽ പ്രവേശിച്ചു. മിക്സഡ് ഡബിൾസിലും ഇന്ത്യൻ സഖ്യം ഫൈനലിലെത്തി.

✪✪✪

അണ്ടർ 19 ഏഷ്യാ കപ്പിലെ ആദ്യ മത്സരത്തിൽ ഇന്ത്യ പാക്കിസ്ഥാനോട് 43 റൺസിന് പരാജയപ്പെട്ടു. ദുബായ് അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത പാകിസ്ഥാൻ 50 ഓവറിൽ ഏഴ് വിക്കറ്റ് നഷ്ടത്തിൽ 281 റൺസെടുത്തു.

മറുപടി ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ 48-ാം ഓവറിൽ 238 റൺസിന് പുറത്തായി.

✪✪✪

ISL ഫുട്ബോളിൽ മുംബൈ സിറ്റി FC യ്ക്കും മോഹൻ ബഗാനും ജയം.

മുംബൈയിൽ നടന്ന മത്സരത്തിൽ മുംബൈ സിറ്റി FC എതിരില്ലാത്ത ഒരു ഗോളിനാണ് ഹൈദരാബാദ് FC യെ പരാജയപ്പെടുത്തിയത്.

കൊൽക്കത്തെയിലെ മത്സരത്തിൽ ചെന്നൈയിൻ FC മോഹൻ ബഗാനോട് എതിരില്ലാത്ത ഒരു ഗോളിനാണ് പരാജയപ്പെട്ടത്.

ഇന്ന് ഒഡീഷ FC ബംഗളുരു FC യെ നേരിടും. രാത്രി ഏഴരയ്ക്ക് ഭുവനേശ്വറിലാണ് മത്സരം.

✪✪✪

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായി ആലപ്പുഴ ചെങ്ങന്നൂർ പാണ്ടനാട്ടിൽ നടത്തിയ വള്ളംകളിയിൽ വീയപുരം ചുണ്ടൻ ജേതാവായി. കാരിച്ചാൽ ചുണ്ടൻ രണ്ടും തലവടി മൂന്നും സ്ഥാനങ്ങൾ നേടി.

✪✪✪

കോട്ടക്കൽ ഗവ. രാജാസ് ഹയർ സെക്കൻഡറി സ്കൂളിൽ സമാപിച്ച 35-ാമത് മലപ്പുറം റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിൽ മലപ്പുറം ഉപജില്ല ഓവറാൾ ചാമ്പ്യന്മാരായി. മങ്കട ഉപജില്ല രണ്ടും, വേങ്ങര മൂന്നും സ്ഥാനം നേടി.

സമാപന സമ്മേളനം മന്ത്രി V അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു .

✪✪✪

ഇടുക്കി റവന്യൂ ജില്ലാ കലോത്സവത്തിൽ ഹാട്രിക് കിരീടം സ്വന്തമാക്കി തൊടുപുഴ ഉപജില്ല. UP, ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലായി 948 പോയിന്റുമായാണ് തൊടുപുഴ മൂന്നാം തവണയും ഓവറോൾ കിരീടം നേടിയത്.

873 പോയിന്റ് നേടി കട്ടപ്പന രണ്ടും, 808 പോയിന്റ് ലഭിച്ച അടിമാലി മൂന്നും സ്ഥാനങ്ങൾ നേടി.

✪✪✪

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഏറ്റവും അർഹരായ ജനതയ്ക്ക് നീതി ലഭ്യമാക്കുന്ന ഓപ്പറേഷൻ സ്മൈൽ ഭാവനാപൂർണമായ പദ്ധതിയാണെന്ന് മന്ത്രി K. രാജൻ പറഞ്ഞു. കാസർകോട്ട് കൊറഗ വിഭാഗക്കാർക്ക് നഗറിനകത്തെ കൈവശ ഭൂമിക്ക് പട്ടയം നൽകുന്ന 'ഓപ്പറേഷൻ സ്മൈൽ' പദ്ധതിയുടെ ഉദ്ഘാടനം ഓൺലൈനായി നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

51 നഗറുകളിലെ 539 കുടുംബങ്ങളുടെ 194 ഹെക്ടർ ഭൂമി സർവ്വേ നടത്തി അളന്നു തിട്ടപ്പെടുത്തി അതിരു തിരിച്ച് നൽകുന്നതിന് പട്ടികവർഗ്ഗ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുമെന്ന് ചടങ്ങിൽ ഓൺലൈനായി അധ്യക്ഷത വഹിച്ച മന്ത്രി O.R കേളു പറഞ്ഞു.

✪✪✪

മനസ്സുകളെ പവിത്രീകരിക്കാൻ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് സാധിക്കുമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. കാസർകോട് ജില്ലാ സ്കൂൾ കലോത്സവത്തിന്റെ സമാപന സമ്മേളനം ഉദീന്നൂർ ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വിജയ ശതമാനം ഉയരുമ്പോൾ വിദ്യാഭ്യാസത്തിന്റെ നിലവാരവും ഉയർന്നിട്ടുണ്ടെന്നും അത് കൂടുതൽ ഉയർത്താൻ ശ്രമമാണ് ഉണ്ടാകേണ്ടതെന്നും സ്പീക്കർ AN ഷംസീർ പറഞ്ഞു. തലശ്ശേരി ചിറക്കര ഗവ.വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് നവംബർ മാസത്തെ റേഷൻ വിതരണം മറ്റന്നാൾ വരെ നീട്ടിയതായി മന്ത്രി G.R അനിൽ അറിയിച്ചു. ബുധനാഴ്ച മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് വ്യാപാരികൾക്ക് അവധി ആയിരിക്കുമെന്നും വ്യാഴാഴ്ച മുതൽ ഡിസംബർ മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

യുവമോർച്ച നേതാവായിരുന്ന K.T ജയകൃഷ്ണൻ ബലിദാന ദിനമായ ഇന്ന് വൈകിട്ട് കണ്ണൂർ ജില്ലയിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പ്രകടനവും പൊതുയോഗവും സംഘടിപ്പിക്കും..

BJP കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ മുതലക്കുളത്ത് നടക്കുന്ന പൊതുസമ്മേളനം പാർട്ടി ദേശീയ നിർവ്വാഹക സമിതി അംഗം P.K കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യും .

✪✪✪